പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 874 — 20-03-2013 - ൽ മറുപടിയ്ക്ക്

## ഭാരതപ്പുഴയിൽ ചങ്ങണാം കുന്നിൽ റഗുലേറ്റർ സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.പി.മുഹമ്മദ് | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഭാരതപ്പുഴയിൽ പട്ടാമ്പി മണ്ഡലത്തിൽപ്പെട്ട ഓങ്ങല്ലൂർ പഞ്ചായത്തിലെ ചങ്ങണാം കുന്നിൽ റഗുലേറ്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (എ) നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത റഗുലേറ്ററിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കലും ഡിസൈൻ വർക്കും പൂർത്തിയായിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) പ്രസ്തുത റഗുലേറ്ററിന് എന്തു തുക ചെലവു പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | (സി) 2012 -ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം 3250 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. |
| (ഡി) പ്രസ്തുത റഗുലേറ്റർ നിർമ്മാണത്തിന് നബാർഡിൽ നിന്ന് ധനസഹായം ലഭ്യമായിട്ടുണ്ടോ ; | (ഡി) ഇല്ല. |
| (ഇ) പ്രസ്തുത പദ്ധതിയിൽ നിന്ന് പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ നിരവധി പഞ്ചായത്തുകൾക്കും ഷൊർണ്ണൂർ മുനിസിപ്പാലിറ്റിക്കും ജലം ലഭ്യമാകും എന്നതും ചങ്ങണാം കുന്നിൽ നിന്ന് മേൽപ്പോട്ട് കിലോമീറ്ററുകളോളം ജലം സംഭരിക്കാൻ കഴിയുമെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഇ) ഉണ്ട്. |

(എഫ്) ഈ വർഷമുണ്ടായ കൊടിയവരൾച്ചയുടെ കാഠിന്യം കണക്കിലെടുത്ത് പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കാൻ അടിയന്തര നടപടി കൈക്കൊള്ളുമോ ?

(എഫ്) നബാർഡിൽ നിന്ന് അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ.**